## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **06-12-2022 - ൽ മറുപടിയ്ക്ക്**

### മദ്യം, ലോട്ടറി എന്നിവയിൽ നിന്നുള്ള വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ വി ജോയി,<br>ശ്രീ. എ. രാജ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ മുഖ്യ വരുമാന സ്രോതസ്സ് മദ്യവും ലോട്ടറിയുമാണെന്ന് ചില കേന്ദ്രങ്ങൾ നടത്തുന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 116640.24 കോടി രൂപയാണ്. ഈ കാലയളവിൽ ലോട്ടറിയിൽ നിന്നുള്ള വിറ്റുവരവ് 7145.22 കോടി രൂപയും എക്സൈസ് വകുപ്പ് ഡ്യൂട്ടിയായി പിരിച്ചെടുത്ത തുക 2009.37 കോടി രൂപയുമാണ്. ഇവ യഥാക്രമം ആകെ വരുമാനത്തിന്റെ 6.13 ശതമാനവും 1.72 ശതമാനവുമാണ്. |
| (ബി) | അപകീർത്തികരമായ പ്രസ്തുത പ്രസ്താവനയിലൂടെ സംസ്ഥാനത്തെ വികസന, ക്ഷേമപ്രവർത്തനങ്ങൾ ദുർബലപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് കരുതുന്നുണ്ടോ; | (ബി) | കരുതുന്നുണ്ട്. |
| (സി) | 2016 മുതൽ 2022 വരെ മദ്യത്തിൽ നിന്നുമുള്ള വരുമാനം വെളിപ്പെടുത്താമോ; ഈ കാലയളവിലുള്ള ലോട്ടറി വിറ്റുവരവും ലോട്ടറി അസ്സൽ വരുമാനവും വെളിപ്പെടുത്താമോ; | (സി) | 2016 മുതൽ 2022 വരെയുള്ള കാലയളവിൽ മദ്യത്തിൽനിന്നുള്ള നികുതി വരുമാനവും ലോട്ടറിയിൽ നിന്നുള്ള വിറ്റുവരവും അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ഡി) | 2016 മുതൽ 2022 വരെ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കാമോ; മദ്യത്തിൽ നിന്നുമുള്ള വരുമാനം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ? | (ഡി) | 2016 മുതൽ 2022 വരെയുള്ള കാലയളവിൽ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്നത് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ